## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 728** | **29.05.2019-ൽ മറുപടിക്ക്**

## പ്രളയംമൂലം വിനോദസഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. കടകംപളളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രളയക്കെടുതി മൂലം വിനോദസഞ്ചാരമേഖലയ്ക്ക് എന്തൊക്കെ പ്രതിസന്ധി കളാണ് സംജാതമായി ട്ടുള്ളത്; വിശദവിവരം അറിയിക്കുമോ; | എ) സംസ്ഥാനത്ത് പ്രളയക്കെടുതി മൂലം വിനോദസഞ്ചാര മേഖലയ്ക്ക് പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. പ്രധാന മലയോര വിനോദസഞ്ചാര മേഖലകളായ ഇടുക്കിയിലെ മൂന്നാർ, തേക്കടി, മറ്റ് കേന്ദ്രങ്ങൾ, വയനാട് മേഖലയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാരകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം നിരവധി പ്രശ്നങ്ങൾ ഉണ്ടായി. ഈ പ്രദേശങ്ങളിലേക്കുള്ള റോഡ് കണക്റ്റിവിറ്റി താൽക്കാലികമായി തടസപ്പെട്ടത് വിനോദ സഞ്ചാരികൾക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിച്ചു. കൊച്ചി എയർപോർട്ട് അടക്കേണ്ടിവന്നതും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിച്ചു. ഈ മേഖലയിൽ ജോലി യെടുക്കുന്നവർക്ക് പലർക്കും ജോലി നഷ്ടപ്പെടുന്ന അവസ്ഥയും പ്രളയം മൂലം സംജാതമായിട്ടുണ്ട്. ഇക്കാലയളവിൽ വിനോദ സഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവ് നെഗറ്റീവ് പ്രചരണം മൂലം തടസ്സപ്പെടുന്ന അവസ്ഥയും ഉണ്ടായി. സാധാരണ ഇക്കാലയളവിൽ കേരളം സന്ദർശിക്കാൻ വരുന്ന സഞ്ചാരികൾ ബുക്കിംഗ് റദ്ദാക്കിയത് ഹോട്ടൽ മേഖലയ്ക്കും തിരിച്ചടിയായതായും വിലയിരുത്തപ്പെടുന്നു. 2018 ലെ കണക്കുകൾ പ്രകാരം കേരളത്തിൽ എത്തുന്ന വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മെയ് മുതൽ നവംബർ വരെയും |

ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആഗസ്റ്റ് മുതൽ നവംബർ വരെയും ഇടിവ് സംഭവിച്ചിട്ടുണ്ട്.

ബി) പ്രളയത്തെ അതിജീവിക്കാൻ ശ്രമിക്കുന്ന സംസ്ഥാനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ വിനോദസഞ്ചാര മേഖലയിൽ എന്തെങ്കിലും നൂതനപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

ബി) പ്രളയത്തെ അതിജീവിക്കാൻ ശ്രമിക്കുന്ന സംസ്ഥാനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ വിനോദസഞ്ചാര മേഖലയിൽ നൂതന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ചു കഴിഞ്ഞു. ഇതിനായി വകുപ്പ് ശക്തമായ മാർക്കറ്റിംഗ് ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. Post Flood Campaign ന്റെ ഭാഗമായി Its Time for Kerala എന്ന പേരിൽ രാജ്യത്തിനകത്ത് പ്രിന്റ്/ടി.വി/റേഡിയോ/ എയർപോർട്ട്/ സിനിമാ തീയേറ്ററുകൾ എന്നിവ കേന്ദ്രീകരിച്ചും യു.കെ.യിൽ പ്രിന്റ് ക്യാമ്പയിനും സംഘടിപ്പിച്ചിരുന്നു. പ്രളയാനന്തരം രാജ്യത്ത് വിവിധ ട്രേഡ് ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുകയും വിവിധ പ്രധാന പട്ടണങ്ങൾ കേന്ദ്രീകരിച്ച് പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രളയാനന്തരം ഐ.ടി/ ഡിജിറ്റൽ, സോഷ്യൽ മീഡിയ, ഓൺലൈൻ ക്യാമ്പയിൻ, വീഡിയോ ക്യാപ് സൂൾ ടു പ്രൊമോട്ട് കേരള എന്നിവയും നടത്തി കഴിഞ്ഞു.

പ്രളയത്തെ തുടർന്ന് തകർന്ന റോഡ് കണക്ടിവിറ്റി അടിയന്തരമായി പുന:സ്ഥാപിക്കാനും കഴിയുകയുണ്ടായി.

സി) പ്രളയത്തിന് മുമ്പും ശേഷവുമുള്ള നിശ്ചിത കാലയളവിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വ്യതിയാനം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

സി) കണക്കാക്കിയിട്ടുണ്ട്. വിശദമായ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

ഡി) വിനോദസഞ്ചാരമേഖലയിൽ പുത്തനുണർവ്വുണ്ടാക്കുന്നതിന് നടപ്പിലാ

ഡി) വിനോദസഞ്ചാര മേഖലയിൽ പുത്തനുണർവുണ്ടാക്കാൻ ഈ വർഷവും വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുതിയ പ്രിന്റ് ക്യാമ്പയിനാണ് ഇത്തവണ നടപ്പാക്കുക. Human

ക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

By Nature എന്ന പേരിൽ രാജ്യത്തും വിദേശ രാജ്യങ്ങളായ ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി, ദുബായ്, സിംഗപ്പൂർ, അമേരിക്ക എന്നിവിടങ്ങളിലും ക്യാമ്പയിനുകൾ നടത്തിക്കഴിഞ്ഞു. അമേരിക്കയിലെ ന്യൂയോർക്ക് ടൈം സ്ക്വയറിലുള്ള കേരള ടൂറിസം പരസ്യ പ്രചാരണം ശ്രദ്ധ ആകർഷിച്ച കഴിഞ്ഞു. ഈ വർഷവും രാജ്യത്തെ പ്രധാന പത്രങ്ങളിലും ടിവി/റേഡിയോ/ എയർപോർട്ട്/ മാഗസിനുകൾ എന്നിവയിലും പ്രചാരണം നടത്തുന്ന ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. ജൂൺ-ഓഗസ്റ്റ് മാസങ്ങളിൽ അറബ് രാജ്യങ്ങൾ കേന്ദ്രീകരിച്ച് മിഡിൽ ഈസ്റ്റ് ക്യാമ്പയിനും പ്ലാൻ ചെയ്തു വരുന്നു.

സോഷ്യൽ മീഡിയ/ഡിജിറ്റൽ രംഗത്തും പരസ്യ ക്യാമ്പയിനുകൾ സംഘടിപ്പിച്ച വരുന്നു. ഈ വർഷം വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവേകാൻ ചാമ്പ്യൻസ് ബോട്ട് ലീഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ ഇത്തവണയും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേരള ടൂറിസം പുതിയ ബ്രാന്റ് ഫിലിമാണ് ഈ വർഷം പരസ്യ പ്രചരണത്തിന് ഉപയോഗിച്ച വരുന്നത്. മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും വകുപ്പ് രാജ്യത്തെ പ്രധാന പട്ടണങ്ങളിലും വിദേശത്തും റോഡ് ഷോകൾ സംഘടിപ്പിക്കുന്നുണ്ട്. മാത്രമല്ല രാജ്യത്തിനകത്തും വിദേശത്തും പ്രധാന ട്രേഡ് ഫെയറുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. ഇക്കാര്യങ്ങൾ വിനോദസഞ്ചാര മേഖലയിൽ കേരളത്തിന് പുത്തൻ ഉണർവ് ഉണ്ടാക്കുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

# 2018 ൽ കേരളംസന്ദർശിച്ച വിദേശവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | 2018 | 2017 | വർദ്ധനവ്(%) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 20509 | 17821 | 12645 | 6428 | 2693 | 674 | 3131 | 2736 | 1298 | 4603 | 9259 | 13725 | **95522** | **75037** | **27.3** |
| 2 | എറണാകുളം | 70838 | 65787 | 55898 | 34103 | 20149 | 18244 | 35973 | 26019 | 20976 | 35625 | 44479 | 60084 | **488175** | **453973** | **7.53** |
| 3 | ഇടുക്കി | 5323 | 5537 | 4230 | 4086 | 2257 | 1921 | 3180 | 3146 | 2307 | 2744 | 4797 | 5305 | **44833** | **42285** | **6.03** |
| 4 | കണ്ണൂർ | 1106 | 1040 | 619 | 215 | 66 | 83 | 140 | 193 | 100 | 285 | 686 | 1230 | **5763** | **5123** | **12.49** |
| 5 | കാസർഗോഡ് | 584 | 528 | 854 | 236 | 67 | 50 | 197 | 54 | 63 | 207 | 570 | 712 | **4122** | **1115** | **269.69** |
| 6 | കൊല്ലം | 1426 | 1425 | 961 | 623 | 307 | 273 | 499 | 657 | 244 | 413 | 966 | 1292 | **9086** | **6227** | **45.91** |
| 7 | കോട്ടയം | 5697 | 6182 | 4085 | 2547 | 1472 | 1259 | 2653 | 1896 | 877 | 3350 | 5040 | 8229 | **43287** | **32350** | **33.81** |
| 8 | കോഴിക്കോട് | 1915 | 1517 | 1115 | 1901 | 897 | 281 | 1719 | 1472 | 1323 | 1653 | 3013 | 1582 | **18388** | **13106** | **40.3** |
| 9 | മലപ്പുറം | 1947 | 2040 | 1650 | 1609 | 580 | 748 | 2378 | 1765 | 789 | 1240 | 1276 | 1588 | **17610** | **18451** | **-4.56** |
| 10 | പാലക്കാട് | 310 | 330 | 229 | 105 | 99 | 89 | 151 | 64 | 87 | 116 | 189 | 198 | **1967** | **1711** | **14.96** |
| 11 | പത്തനംതിട്ട | 329 | 178 | 190 | 178 | 157 | 99 | 121 | 122 | 71 | 84 | 192 | 232 | **1953** | **2003** | **-2.5** |
| 12 | തിരുവനന്തപുരം | 54091 | 46386 | 36070 | 31925 | 15723 | 12350 | 16819 | 20708 | 15659 | 21406 | 26464 | 45160 | **342761** | **420719** | **-18.53** |
| 13 | തൃശ്ശൂർ | 1707 | 1087 | 825 | 878 | 574 | 488 | 1240 | 803 | 641 | 863 | 1157 | 1070 | **11333** | **10775** | **5.18** |
| 14 | വയനാട് | 2198 | 2145 | 1340 | 659 | 386 | 187 | 667 | 486 | 334 | 674 | 1183 | 1348 | **11607** | **8995** | **29.04** |
| **കേരളം 2018** | | **167980** | **152003** | **120711** | **85493** | **45427** | **36746** | **68868** | **60121** | **44769** | **73263** | **99271** | **141755** | **1096407** | **1091870** | **0.42** |
| **2017** | | **150808** | **135089** | **107141** | **82633** | **49073** | **44040** | **72552** | **73736** | **54700** | **79957** | **107028** | **135113** | **1091870** | | |
| **മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%)** | | **11.39** | **12.52** | **12.67** | **3.46** | **-7.43** | **-16.56** | **-5.08** | **-18.46** | **-18.16** | **-8.37** | **-7.25** | **4.92** | **0.42** | | |

# 2018 ൽ കേരളംസന്ദർശിച്ച ആഭ്യന്തരവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | 2018 | 2017 | വർദ്ധനവ്(%) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 56108 | 41957 | 34377 | 46190 | 61820 | 33699 | 35083 | 25953 | 26146 | 37846 | 41389 | 70922 | **511490** | **433456** | **18.00** |
| 2 | എറണാകുളം | 320925 | 279912 | 287085 | 289212 | 306955 | 230121 | 243998 | 207750 | 218594 | 323567 | 331032 | 407738 | **3446889** | **3285088** | **4.93** |
| 3 | ഇടുക്കി | 90268 | 83394 | 74390 | 143911 | 156509 | 82990 | 93115 | 49707 | 82011 | 106025 | 121121 | 173962 | **1257403** | **1090086** | **15.35** |
| 4 | കണ്ണൂർ | 64439 | 57765 | 62185 | 78133 | 82601 | 56013 | 56914 | 49743 | 64193 | 59783 | 65621 | 70648 | **768038** | **695655** | **10.41** |
| 5 | കാസർഗോഡ് | 25313 | 22032 | 26555 | 26235 | 27446 | 22071 | 21211 | 16214 | 20257 | 22044 | 22049 | 25172 | **276599** | **263459** | **4.99** |
| 6 | കൊല്ലം | 37998 | 35651 | 33921 | 35684 | 36135 | 28733 | 32389 | 28276 | 31357 | 27108 | 35432 | 37538 | **400222** | **381829** | **4.82** |
| 7 | കോട്ടയം | 53513 | 44148 | 40028 | 43723 | 52872 | 42673 | 40841 | 35019 | 35030 | 38004 | 44566 | 54404 | **524821** | **468593** | **12.00** |
| 8 | കോഴിക്കോട് | 97405 | 90650 | 88133 | 92840 | 87633 | 60232 | 90232 | 82130 | 90140 | 83703 | 87853 | 101832 | **1052783** | **932345** | **12.92** |
| 9 | മലപ്പുറം | 48801 | 45094 | 43394 | 53598 | 47174 | 32859 | 48966 | 44042 | 51481 | 49329 | 48175 | 53001 | **565914** | **520832** | **8.66** |
| 10 | പാലക്കാട് | 44610 | 38730 | 40752 | 48662 | 49172 | 42483 | 40624 | 36390 | 40584 | 41814 | 40767 | 45295 | **509883** | **474180** | **7.53** |
| 11 | പത്തനംതിട്ട | 18731 | 15831 | 15927 | 16808 | 18319 | 14083 | 15263 | 14658 | 14358 | 14763 | 16700 | 17372 | **192813** | **164494** | **17.22** |
| 12 | തിരുവനന്തപുര | 251140 | 213771 | 228320 | 235208 | 264706 | 205709 | 218340 | 202385 | 198557 | 211638 | 225214 | 257399 | **2712387** | **2505333** | **8.26** |
| 13 | തൃശ്ശൂർ | 228826 | 192735 | 185772 | 258403 | 281820 | 186008 | 184170 | 159597 | 189381 | 201197 | 215909 | 213460 | **2497278** | **2642546** | **-5.50** |
| 14 | വയനാട് | 84406 | 65108 | 67612 | 101945 | 121170 | 46564 | 55848 | 43713 | 57356 | 64207 | 68977 | 111235 | **888141** | **815624** | **8.89** |
| **കേരളം 2018** | | **1422483** | **1226778** | **1228451** | **1470552** | **1594332** | **1084238** | **1176994** | **995577** | **1119445** | **1281028** | **1364805** | **1639978** | **15604661** | **14673520** | **6.35** |
| **2017** | | **1221074** | **1034563** | **1014877** | **1213252** | **1338330** | **1027361** | **1083162** | **1138533** | **1188959** | **1379190** | **1401610** | **1632609** | **14673520** | | |
| മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%) | | **16.49** | **18.58** | **21.04** | **21.21** | **19.13** | **5.54** | **8.66** | **-12.56** | **-5.85** | **-7.12** | **-2.63** | **0.45** | **6.35** | | |

സെക്ഷൻ ഓഫീസർ